ഹരിതകേരളം മിഷൻ
കേരള സർക്കാർ

**31.05.2018**

## പത്രക്കുറിപ്പ്

# ഹരിതകേരളം മിഷൻ പവലിയന് പുരസ്കാരം

സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് തിരുവനന്തപുരത്ത് കനകക്കുന്നിൽ സംഘടിപ്പിച്ച എക്സിബിഷൻ (30.05.2018), അനന്തവിസ്മയത്തിൽ ഹരിതകേരളം മിഷന്റെപവലിയന് രണ്ടാം സ്ഥാനം. മറ്റുള്ള സ്റ്റാളുകളിൽ നിന്നും വ്യത്യസ്തമായി ഹരിത സന്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വൃക്ഷ മാതൃക, ഹരിതഗൃഹം ആണോ എന്ന് പരിശോധിക്കാനുള്ള കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ഹരിതഗ്രാമം മാതൃക തുടങ്ങിയവ എക്സിബിഷനിൽ മുഖ്യ ആകർഷണമായി. നൂറു ശതമാനവും ഹരിതപെരുമാറ്റ ചട്ടം പാലിച്ചായിരുന്നു സ്റ്റാൾ ഒരുക്കിയിരുന്നത്. സർക്കാർ, അർദ്ധ-സർക്കാർ, സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭാഗത്തിലാണ് ഹരിതകേരളം മിഷന് പുരസ്കാരം ലഭിച്ചത്. സഹകരണ ദേവസ്വം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ പുരസ്കാരം സമ്മാനിച്ചു.

**ഡോ.ടി.എൻ സീമ**
**എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ**
**ഹരിതകേരളം മിഷൻ**